**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 501** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ജീവനക്കാരുടെ ഡി.എ.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. എം. കെ. മുനീർ ശ്രീ. വി. ഡി. സതീശൻ

ഡോ. എം. കെ. മുനീർ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കപ്പെട്ട ഡി.എ. യിൽ എത്ര മാസത്തെ ക്ഷാമബത്തയാണ് മുൻകാല പ്രാബല്യം ഇല്ലാത്തതുമൂലം നിരസിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> നിരസിക്കപ്പെട്ടിട്ടില്ല.**

**(ബി)** ക്ഷാമബത്ത ജീവനക്കാരന്റെ അവകാശമല്ല എന്ന് സർക്കാർ കോടതിയിൽ നൽകിയ സത്യവാങ്മൂലം പിൻവലിച്ച് പുതിയ സത്യവാങ്മൂലം സമർപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> ക്ഷാമബത്ത ജീവനക്കാരന്റെ അവകാശമല്ല എന്ന് സർക്കാർ കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നെങ്കിലും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.**

**(സി)** ശമ്പളത്തോടൊപ്പം ഡി.എ. കൂടി നൽകണം എന്ന വ്യവസ്ഥ കേരള സർവീസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> ശമ്പളത്തോടൊപ്പം ഡി.എ. കൂടി നൽകണമെന്ന വ്യവസ്ഥ കേരള സർവീസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.**

**(ഡി)** അനുവദിക്കപ്പെട്ട ഡി.എ. യ്ക്ക് മുൻകാല പ്രാബല്യം നൽകുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 744 ലെ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

**സെക്ഷൻ ഓഫീസർ**